# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/226/2016 പത്രക്കുറിപ്പ് 2016 ഒക്ടോബർ 22

## മഹാത്മാ ഗാന്ധി സർവ്വകലാശാല ഡിഗ്രി/പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ 2016

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ബി.എ/ബി.കോം, എം.എ/എം.കോം/എം.എസ്.സി (മാത്തമാറ്റിക്സ്) കോഴ്സുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷ ക്ഷണിച്ചു. ഡിഗ്രി കോഴ്സുകളിൽ ഹിസ്റ്ററി, പൊളിറ്റിക്സ്, ഇക്കോണിമിക്സ്, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ഫിലോസഫി, ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, ഹിന്ദി, അറബിക് ,കോമേഴ്സ് വിഷയങ്ങൾക്കും പി.ജി.കോഴ്സുകളിൽ എം.എ ഇംഗ്ലീഷ്,മലയാളം, ഹിന്ദി, അറബിക്, സംസ്കൃതം, ഹിസ്റ്ററി, ഇക്കോണോമിക്സ്, ഫിലോസഫി, പൊളിറ്റിക്സ്, സോഷ്യോളജി, ഇസ്ലാമിക് ഹിസ്റ്ററി, വിഷയങ്ങൾക്കും എം.എസ്.സി മാത്തമാറ്റിക്സ്, എം.കോം കോഴ്സുകൾക്കുമാണ് പ്രൈവറ്റ് രജിസ്ട്രേഷൻ .ബിരുദ-ബിരുദാനന്തര കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിലായിരിക്കും. പരീക്ഷകൾ വാർഷികമായി നടത്തും.

ഡിഗ്രി കോഴ്സുകളിൽ ബി.എ/ബി.കോം(ഫുൾ കോഴ്സ്), ബി.എ/ബി.കോം(പ്രഫഷണൽ ബിരുദധാരികൾക്ക്), ബി.കോം ബിരുദധാരികൾക്കുള്ള ബി.എ കോഴ്സുകൾ, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്ററുകളിലേക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻഎന്നിവ സി.ബി.സി.എസ്.എസ് മോഡൽ ഒന്ന് സ്കീമിൽ നടത്തും. അഡീഷണൽ ഓപ്ഷണൽ/ഇലക്ടീവ്, അഡീഷണൽ ഫാക്കൽറ്റി, ഫാക്കൽറ്റി/സെക്കന്റ് ലാംഗ്വേജ് മാറ്റം എന്നിവ നിലവിലുള്ള സി.ബി.സി.എസ്.എസ് മോഡൽ ഒന്ന് സ്കീമിലും അഡീഷണൽ ഓപ്ഷൻ/ഇലക്ടീവ് സി.ബി.സി.എസ്.എസ് സമ്പ്രദായത്തിലും അപേക്ഷിക്കാവുന്നതാണ്. അഡീഷണൽ ഡിഗ്രി/അഡീഷണൽ സെക്കൻഡ് ലാംഗ്വേജ് എന്നീ യു.ജി പ്രോഗ്രാമിലേക്ക് പ്രീ സി.ബി.സി.എസ്.എസ് ബിരുദധാരികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി നിലവിലെ സി.ബി.സി.എസ്.എസ് പ്രോഗ്രാമിലേക്ക് അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ നൽകിയിരിക്കുന്ന യു.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ നോട്ടിഫിക്കേഷൻ-2016 ൽ ലഭ്യമാണ്.

*ഒന്നാം വർഷ ഡിഗ്രി,പി.ജി ഫുൾ കോഴ്സ് രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.* ഓപ്പൺ കോഴ്സ് മാറ്റം വേണ്ടവർ ആവശ്യമായ ഫീസടച്ച് അഞ്ചാം സെമസ്റ്റർ പരീക്ഷ ആരംഭിക്കുന്നതിന് ഒരുമാസം മുൻപ് വരെയുള്ള അനുവദനീയമായ സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം. മറ്റുള്ളവർ സർവ്വകലാശാല വെബ്സൈറ്റിൽ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷ ഫോറം ഡൗൺ ലോഡ് ചെയ്യണം. ബിരുദ, ബിരുദാനന്തര ഫുൾ കോഴ്സ് അപേക്ഷകർ ഓൺലൈനായി അപേക്ഷ സമർപ്പിച്ച ശേഷം പ്രിന്റൗട്ട് മറ്റ് രേഖകൾക്കൊപ്പം യൂണിവേഴ്സിറ്റിയിലേക്ക് അയക്കണം. അപേക്ഷയുടെ ഒരു കോപ്പി സൂക്ഷിക്കുകയും വേണം. നിർദിഷ്ട പരീക്ഷാ ഫീസിനൊപ്പം അപേക്ഷാ ഫാറങ്ങളുടെ വിലയും അടക്കണം.

ഓൺലൈൻ അപേക്ഷയുടെ(ഫുൾ കോഴ്സുകാർക്ക്)/ പൂരിപ്പിച്ച അപേക്ഷയുടെ പ്രിന്റിനോപ്പം ഒന്നും രണ്ടും സെമസ്റ്റർ യു.ജി/പി.ജി പ്രവേശത്തിനുള്ള നിശ്ചിത പരീക്ഷ ഫീസ്, പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് എന്നിവ അടച്ച പേ-ഇൻ-സ്ലിപ്പ്, യോഗ്യത പരീക്ഷയുടെ ഒറിജിനൽ സർട്ടിഫിക്കറ്റ്, ടി.സി (ഒറിജിനൽ), മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (മറ്റ് ബോർഡ്/യൂണിവേഴ്സിറ്റികളിൽ പഠനം നടത്തിയവർ), എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, റെകഗ്നീഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷാഫീസ് രസീതും അപേക്ഷയും (എൻ.ഐ.ഒ.എസ്/മറ്റ് സംസ്ഥാന ബോർഡിൽ/ യൂണിവേഴ്സിറ്റിയിൽ പഠനം നടത്തിയവർ),എസ്.എസ്.എൽസി/പത്താംക്ലാസ് സർട്ടിഫിക്കറ്റിന്റെ ഒരു സ്വയം സാക്ഷ്യപ്പെട്ടുത്തിയ കോപ്പി, സ്വന്തം വിലാസമെഴുതിയ 52 രൂപ സ്റ്റാമ്പ് ഒട്ടിച്ച 353 മി.മി*250 മി.മി സൈസ് കവർ എന്നിവ കൂടി സമർപ്പിക്കണം.

സർവകലശാല കാഷ് കൗണ്ടർ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം എന്നിവടങ്ങളിലോ എസ്.ബി.ടിയുടെ പേ-ഇൻ-സ്ലിപ്പ് (വിജ്ഞാപനത്തിന്റെ അവസാനപേജിൽ ചേർത്തിട്ടുള്ള എസ്.ബി.ടി ചെലാൻ) വഴിയോ ഫീസ് അടയ്ക്കാം. ഡിമാന്റ് ഡ്രാഫ്റ്റ് സ്വീകരിക്കുന്നതല്ല. അപേക്ഷകളും അനുബന്ധ രേഖകളും ഡയറക്ടർ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, പി.ഡി.ഹിൽസ്.പി.ഒ, കോട്ടയം-686560 എന്ന വിലാസത്തിൽ രജിസ്ട്രേഡ് തപാലിൽ അയക്കണം.

ഡിഗ്രി ഫുൾ കോഴ്സിന്റെ ഓൺ ലൈൻ അപേക്ഷകളും രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്ററുകളിലേക്കുള്ള ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ അപേക്ഷകളും, അഡീഷണൽ ഓപ്ഷണൽ/ഇലക്ടീവ്, അഡീഷണൽ ഫാക്കൽറ്റി, ഫാക്കൽറ്റി/ സെക്കന്റ് ലാഗ്വേജ് മാറ്റം എന്നിവയ്ക്കുള്ള അപേക്ഷകളും, പി.ജി ഫുൾ

കോഴ്സിന്റെ ഓൺ ലൈൻ അപേക്ഷകളും, പി.ജി രണ്ട്, മൂന്ന്, നാല് സെമസ്റ്ററിലേക്കുള്ള അപേക്ഷകളും പിഴയില്ലാതെ 2016 നവംബർ 30 വരെയും 500 രൂപ പിഴയോടുകൂടി 2016 ഡിസംബർ 15 വരെയും 1000 രൂപ പിഴയോടുകൂടി 2016 ഡിസംബർ 30വരെയും സ്വീകരിക്കും.

അപേക്ഷയിലെ വിവരങ്ങൾ തിരുത്തുവാൻ ആഗ്രഹിക്കുന്നവർ 2017 ജനുവരി 16 വരെ 100 രൂപ ഫീസടച്ച് മാറ്റം വരുത്താം. യു.ജി.പ്രോഗാമുകളുടെ കോർ കോഴ്സ്/സെക്കൻഡ് ലാംഗ്വേജ്/അഡീഷണൻ ലാംഗ്വേജ്/കോംപ്ലിമെന്ററി കോഴ്സുകൾക്ക് പിന്നീട് മാറ്റം അനുവദിക്കുന്നതല്ല. പി.ജി. കോഴ്സുകളുടെ പ്രൈവറ്റ് രജിസട്രേഷന് 2016 ഏപ്രിൽ/മേയ് സെഷനിലോ അതിനുമുമ്പോ യോഗ്യത നേടിയവരും, ഡിഗ്രി കോഴ്സുകൾക്ക് 2016 ജൂലൈ സെഷനിലോ അതിനുമുമ്പോ യോഗ്യത പരീക്ഷ പാസായവരും ആയിരിക്കണം. www.mgu.ac.in വെബ് സൈറ്റിൽ അഡ്മിഷൻ 2016 എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനും ഫോം ഡൗൺ ലോഡ് ചെയ്യുന്നതിനും സാധിക്കും. പ്രൈവറ്റ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട എല്ലാ കത്തിടപ്പാടുകളും ഡയറക്ടർ,സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, പി.ഡി.ഹിൽസ്.പി.ഒ, കോട്ടയം-686560 എന്ന വിലാസത്തിൽ മാത്രമായിരിക്കണം. വിശദ വിവരങ്ങൾക്ക് www.mgu.ac.in വെബ് സൈറ്റ് സന്ദർശിക്കുക.

## പ്രാക്ടിക്കൽ പരീക്ഷ

അഞ്ചാം സെമസ്റ്റർ ബി.എസ്.സി ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (സി.ബി.സി.എസ്.എസ് - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 1ന് കോന്നി സി.എഫ്.ടിയിൽ വച്ച് നടത്തും.

## പരീക്ഷാ ഫലം

2015 സെപ്തംബർ മാസം നടത്തിയ എം.എ ഹിസ്റ്ററി ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ റഗുലർ സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 3 വരെ സ്വീകരിക്കും.

2016 മെയ് മാസം നടത്തിയ ആറാം സെമസ്റ്റർ ബി.ടെക് (റഗുലർ/സപ്ലിമെന്ററി, പുതിയ/പഴയ സ്കീം - മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 5 വരെ സ്വീകരിക്കും.

2016 ജൂൺ മാസം തൊടുപുഴ യൂണിവേഴ്സിറ്റി കോളജ് ഓഫ് എഞ്ചിനീയറിംഗിലും, പുല്ലരിക്കുന്ന സ്റ്റാസിലും നടത്തിയ രണ്ടാം സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 5 വരെ സ്വീകരിക്കും.

## കെ.മാറ്റ് കേരള പ്രവേശനപ്പരീക്ഷ 2017-18

കേരളത്തിലെ പ്രൊഫഷണൽകോളജുകളുടെ പ്രവേശന മേൽനോട്ടകമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് 2017-18 വർഷം മുതൽ എം.ബി.എ പ്രവേശന പരീക്ഷയ്ക് കെ.മാറ്റ്, ക്യാറ്റ്, സി.മാറ്റ് എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ്. ഒരു അക്കാദമിക വർഷം രണ്ട് കെ.മാറ്റ് പരീക്ഷകളുണ്ടാവും. ആദ്യത്തെ പരീക്ഷ 2016 നവംബർ 6നും, രണ്ടാമത്തെ പരീക്ഷ 2017 ഏപ്രിൽ 2നും നടത്തും. വിശദ വിവരങ്ങൾക്ക് www.asckeral.org; //http//lbscentre.in/kmat 2017 കെ.മാറ്റ് കേരള പ്രവേശനപ്പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് പൊതുവിഭാഗത്തിന് 1000 രൂപയും, എസ്.സി/എസ്.ടി വിഭാഗത്തിന് 750 രൂപയും ആണ്.

## പി.എച്ച്.ഡി കോഴ്സ് വർക്ക്: അപേക്ഷാ തീയതി നീട്ടി

എം.ജി സർവ്വകലാശാല പി.എച്ച്.ഡി കോഴ്സ് വർക്ക് (റഗുലർ/സപ്ലിമെന്ററി) സെപ്തംബർ/ഒക്ടോബർ 2016 പരീക്ഷയ്ക്ക് 500 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 26 വരെ അപേക്ഷിക്കാം.

## എം.ജി.യിൽ ടെക്നിക്കൽ കൺസൾട്ടന്റ് ഒഴിവ്

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ അന്തർസർവ്വകലാശാല സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ജൈവകൃഷി സാക്ഷരത പദ്ധതിയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരു ടെക്നിക്കൽ കൺസൾട്ടന്റ് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ബി.എസ്.സി അഗ്രികൾച്ചർ ബിരുദവും സർക്കാർ സ്ഥാപനങ്ങളിലോ, കൃഷിവകുപ്പിലോ മാസ്റ്റർ ട്രെയിനറായുള്ള പരിചയവുമാണ് യോഗ്യത. പ്രായം 35 വയസിൽ താഴെ. അഗ്രികൾച്ചറൽ ഓഫീസർ തസ്തികയിലുള്ള പരിചയം അഭികാമ്യം. പ്രതിഫലം പ്രതിമാസം 25000 രൂപ. വിദ്യാഭ്യാസ യോഗ്യത പരിചയം മുതലായവയുടെ വിശദവിവരങ്ങൾ അടങ്ങിയ അപേക്ഷകൾ ഒക്ടോബർ 31നകം iucofsa@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ ലഭിക്കണം. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)